(ബി) ശൂന്യവേതന അവധിയെടുക്കുന്നത് വിദേശത്തും ഇന്ത്യയിലും ജോലി ചെയ്യുന്നതിനുള്ള കാരണത്താലാണ്.

(സി) പ്രൊമോഷൻ വഴിയും പി. എസ്. സി. മുഖേന നിയമനം നടത്തിയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ഗവ. നേഴ്സിംഗ് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നടപടി

125 [3516] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് പ്രവർത്തിച്ചുവരുന്ന കാസർഗോഡ് ഗവൺമെന്റ് നേഴ്സിംഗ് സ്കൂൾ താല്കാലിക സൗകര്യങ്ങളോടെയാണ് പ്രവർത്തിച്ചുവരുന്നതെന്നും സ്വന്തമായ കെട്ടിടമോ ഹോസ്റ്റലോ മറ്റു സൗകര്യങ്ങളോ ഇല്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനുള്ള സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ഗവൺമെന്റ് നേഴ്സിംഗ് സ്കൂൾ 2004 ജനുവരി മുതലാണ് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത സ്കൂളിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുവാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ നടപടിയെടുത്തുവരുന്നു.

നഴ്സിംഗ് കോളേജ് ട്യൂട്ടർമാരുടെ നിയമനം

126 [3517] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നഴ്സിംഗ് കോളേജ് ട്യൂട്ടർമാരുടെ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly